**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **17-09-2025 - ൽ മറുപടിയ്ക്ക്**

**വായ്പാ അടവ് മുടങ്ങിയവർക്ക് സഹകരണ വകുപ്പ് മുഖേനയുള്ള സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തതിന് ശേഷം മരണം, മാരക രോഗങ്ങൾ എന്നിവ കാരണം തിരിച്ചടവ് മുടങ്ങിയവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നല്കിവരുന്നതെന്ന് വിശദമാക്കുമോ; | (എ) | സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും വായ്പയെടുത്തതിന് ശേഷം മരണം, മാരക രോഗങ്ങൾ എന്നിവ കാരണം തിരിച്ചടവ് മുടങ്ങിയ വായ്പകളിൽ ധനസഹായം അനുവദിക്കുന്നതിന് സർക്കാർ കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" (Risk fund Scheme) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>I) **മരണാനന്തര സഹായം**<br><br>1) റിസ്ക് ഫണ്ട് ധനസഹായ തുക – 1,00,000/-<br><br>2008 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനില്പ്പോ, പരമാവധി 1,00,000/- രൂപയും മരണതീയതി വരെയുള്ള പലിശയും റിസ്ക് ഫണ്ട് ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.<br><br>2) റിസ്ക് ഫണ്ട് ധനസഹായ തുക – 1,50,000/-<br><br>30.03.2012 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,50,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധ |

1,50,000/- രൂപയും മരണതീയതി വരെയുള്ള പലിശയും ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

3) <u>റിസ്ക് ഫണ്ട് ധനസഹായ തുക – 2,00,000/-</u>

24.09.2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,50,000/- രൂപയിൽ നിന്നും 2,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധ 2,00,000/- രൂപയുടെ ധനസഹായം സർക്കാ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

4) <u>റിസ്ക് ഫണ്ട് ധനസഹായ തുക – 3,00,000/-</u>

11.10.2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധ 3,00,000/- രൂപയുടെ ധനസഹായം സർക്കാ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

II) **<u>മാരകരോഗം</u>**

1) <u>ചികിത്സാ ധനസഹായ തുക – 75,000/-</u>

ഈ പദ്ധതിയുടെ ആനുകൂല്യം 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം

| | | | |
|---|---|---|---|
| | | | മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ നല്കി വരുന്നു.<br><br>മാരകരോഗങ്ങളിൽ 29.02.2016 തീയതി മുതൽ ടി.ബി, ലിവർസിറോസിസ് എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.<br><br><u>2) ചികിത്സാ ധനസഹായ തുക – 1,00,000/-</u><br><br>24.09.2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 75,000/- രൂപയിൽ നിന്നും 1,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധ 1,00,000/- രൂപയുടെ ധനസഹായം സർക്കാ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.<br><br>മാരകരോഗങ്ങളിൽ 24.09.2019 തീയതി മുതൽ കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാ കഴിയാത്ത വിധം അവയവം മുറിച്ചു മാറ്റപ്പെടുന അവസ്ഥയിലുള്ളവർ, അവയവം മാറ്റി വെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്ന് അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.<br><br>3) <u>ചികിത്സാ ധനസഹായ തുക – 1,25,000/-</u><br><br>11.10.2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,25,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധ 1,25,000/- രൂപയുടെ ധനസഹായം സർക്കാ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കിവരുന്നു. |
| (ബി) | സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുത്തതിന് ശേഷം വിവിധ കാരണങ്ങളാൽ തിരിച്ചടവ് മുടങ്ങിയവർക്ക് സർക്കാർ നല്കിവരുന്ന ആനുകൂല്യങ്ങളും ആയതിന്റെ മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുത്തതിന് ശേഷം വിവിധ കാരണങ്ങളാൽ തിരിച്ചടവ് മുടങ്ങിയവർക്ക് വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു. |

| | | | |
|---|---|---|---|
| | | | ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് ലഭ്യമായ അവാർഡുകൾ പരിശോധന നടത്തുന്നതിനായി കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക, സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് നൽകിവരുകയാണ് ചെയ്തുവരുന്നത്. ആയതിലേക്കായി വയനാട്, ഇടുക്കി ജില്ലകളിലെ 31.08.2020 വരെയുള്ള വായ്പകളും മറ്റ് ജില്ലകളിലെ 31.03.2016 വരെയുള്ള വായ്പകളുമാണ് കടാശ്വാസ കമ്മീഷൻ നിലവിൽ പരിഗണിക്കുന്നത്. നിലവിൽ പരമാവധി 2,00,000/-രൂപ വരെയാണ് കർഷക കടാശ്വാസമായി അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ